**പതിമൂന്നാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4970

4.7.2012 ൽ മറുപടിയ്ക്ക്

**<u>മലപ്പുറം ജില്ലാ ഇൻഷ്വറൻസ് ഓഫീസിന്റെ പ്രവർത്തനം</u>**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ | ശ്രീ. കെ.എം.മാണി<br>ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| (എ) മലപ്പുറം സിവിൽ സ്റ്റേഷനിൽ ആവശ്യമായ സ്ഥലസൗകര്യം ലഭ്യമാണെങ്കിലും മലപ്പുറം ജില്ലാ ഇൻഷ്വറൻസ് ഓഫീസ് ഇപ്പോഴും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | മലപ്പുറം സിവിൽ സ്റ്റേഷനിൽ ജില്ലാ ഇൻഷ്വറൻസ് ഓഫീസിന് ആവശ്യമായ സ്ഥലം അനുവദിക്കണമെന്ന് നിരവധി തവണ ജില്ലാ കളക്ടർക്ക് അപേക്ഷകൾ അയച്ചിട്ടും സൗകര്യപ്രദമായ സ്ഥലം ലഭിച്ചില്ല. പുതുതായി പണിത ബി-3 ബ്ളോക്കിൽ സ്ഥലമില്ലെന്നും പഴയ കെട്ടിടങ്ങൾ ഒഴിയുന്ന മുറയ്ക്ക് പരിഗണിക്കാമെന്ന് കാണിച്ചുകൊണ്ടുള്ള മറുപടിയാണ് കള്കടറേറ്റിൽ നിന്നും ലഭിച്ചിട്ടുള്ളത്. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പഴയ ആഫീസ് 2 ഭാഗങ്ങളായി സ്ഥിതി ചെയ്യുന്നതിനാൽ കമ്പ്യൂട്ടർവൽക്കരണ നെറ്റ്വർക്കിംഗ് ബുദ്ധിമുട്ടാണെന്ന് കെൽട്രോൺ അധികൃതർ അറിയിക്കുകയും സൗകര്യപ്രദമായ, ഇപ്പോൾ പ്രവർത്തിക്കുന്ന വാടക കെട്ടിടം കണ്ടുപിടിക്കുകയും 8.12.2010ലെ 8866/10/ധന നമ്പർ ഉത്തരവ് പ്രകാരം പുതിയ വാടക കെട്ടിടത്തിലേയ്ക്ക് ജില്ലാ ആഫീസിന്റെ പ്രവർത്തനം മാറ്റുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (ബി) ഉണ്ടെങ്കിൽ ജില്ലാ ഇൻഷ്വറൻസ് ഓഫീസ് മലപ്പുറം സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | സിവിൽ സ്റ്റേഷനിൽ ജില്ലാ ഇൻഷ്വറൻസ് ആഫീസ് പ്രവർത്തിപ്പിക്കുന്നതിന് സൗകര്യപ്രദമായ സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് ജില്ലാ ആഫീസ് സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതാണ്. |

Renadevi

സെക്ഷൻ ഓഫീസർ